DESPATCHED
On...29/06/2020
5 2-20.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 345(7)/2014/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നമ്പർ 1809/എസ്.ഐ.സി-ജി 6/14)**

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.സുനിൽ പ്രിയദർശൻ,
അഭിലാഷ് ഹൗസ്, മുട്ടിൽ പി.ഒ,
വയനാട് – 673 122. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
സൗത്ത് വയനാട് ഡിവിഷൻ, കൽപ്പറ്റ.

2. അപ്പീൽ അധികാരി,
ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം,
നോർത്തേൺ സർക്കിൾ, കണ്ണൂർ.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.09.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26.09.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 22.10.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 13.12.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 31.01.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 04.02.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 18.01.2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:<br>അപ്പീൽ ഹർജിക്കാരൻ<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | <br>ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. സുനിൽ പ്രിയദർശൻ, 31.01.2014 ന് സമർപ്പിച്ച അപ്പീൽ ഹർജി 04.02.2014 ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.345(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെങ്കിലും ടി അപ്പീലിന്മേലും അപ്പീൽ അധികാരി അപ്പീൽ തീർപ്പാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 24.09.2013 ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 27.12.2006 ലെ ബി.3967/00 നമ്പർ കത്ത് പ്രകാരം നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിച്ച ഇ.എഫ്.എൽ നോട്ടിഫിക്കേഷൻ പ്രൊപ്പോസലിൽ വൈത്തിരി താലൂക്കിലെ മുട്ടിൽ സൗത്ത് വില്ലേജിൽ ബ്ലോക്ക് 17 ൽ പ്പെട്ട സർവ്വേ നമ്പർ 345, 357/1, 358 ൽ പ്പെട്ട 20 ഹെക്ടർ ഭൂമി ടി കത്തിൽ വെസ്റ്റഡ് ഫോറസ്റ്റ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ടി ഭൂമി ഏത് രേഖകളുടെ അടിസ്ഥാനത്തിലാണ് വെസ്റ്റഡ് ഫോറസ്റ്റ് എന്ന് രേഖപ്പെടുത്തിയതെന്നും ആയതിന് ആധാരമായ രേഖകളുടെ പകർപ്പ് ലഭ്യമാക്കണമെന്നാണ്.

4. ഒന്നാം എതിർകക്ഷി 21.03.2014 ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം 24.09.2013 ൽ സമർപ്പിച്ച അപേക്ഷയ്ക്ക് 26.09.2013 ൽ മറുപടി നൽകിയെന്നും എന്നാൽ ടി മറുപടി തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് കാണിച്ച് 22.10.2013 ൽ അപ്പീൽ സമർപ്പിക്കുകയും ചെയ്തു. ടി അപ്പീലിന്മേൽ തീർപ്പു കൽപ്പിക്കുന്നതിനായി 13.12.2013 ൽ ടിയാനെ ഓഫീസിലേയ്ക്ക് ഹിയറിംഗിന് വിളിക്കുകയും പരിഹാരമാർഗ്ഗം സ്വീകരിക്കുന്നതാണെന്ന് ടിയാനെ

അറിയിക്കുകയും ചെയ്തു. തുടർന്ന് സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുമായി ബന്ധപ്പെട്ടതിൽ ടി ഭൂമിയുടെ സ്റ്റാറ്റസ് 02.05.2000 ൽ സർക്കാരിൽ നിക്ഷിപ്തമാണെന്ന അർത്ഥത്തിലാണ് വെസ്റ്റ് ഫോറസ്റ്റ് എന്ന് മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും ടി മറുപടി ശരിയായ രീതിയിൽ മനസ്സിലാക്കാതെയാണ് ടിയാൻ അപ്പീൽ സമർപ്പിച്ചിരിക്കുന്നതെന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ടി അപ്പീൽ നിരസിച്ചുകൊണ്ട് 03.02.2014 ൽ ഉത്തരവായെന്നും മറ്റുമാണ്.

5. ടി അപ്പീൽ തീർപ്പു കൽപ്പിക്കുന്നതിനായി 18.01.2020 ൽ ഹിയറിംഗ് പോസ്റ്റു ചെയ്തിരുന്നതനുസരിച്ച് എതിർകക്ഷി ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച 15.01.2020 ലെ റിപ്പോർട്ടും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് വ്യക്തമായ മറുപടി നൽകിയെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ അപ്പീൽ സമർപ്പിക്കുകയും ചെയ്തുവെങ്കിലും ടി അപ്പീൽ അടിസ്ഥാന രഹിതമായതിനാൽ 03.02.2014 ലെ എ6-3111/13 നമ്പർ ഉത്തരവ് പ്രകാരം അപ്പീൽ തള്ളിക്കളയുകയും ചെയ്തുവെന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽ ഹർജിക്കാരന് എതിർകക്ഷി നൽകിയ മറുപടി നിയമാനുസൃതമാണെന്നു കമ്മീഷൻ വിലയിരുത്തുന്നു. ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ സാഹചര്യത്തിൽ ടി അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 05-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION